**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം - നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ ബേഗൂർ ഫോറസ്റ്റ് റേഞ്ചിൽ വാച്ചർ ആയി ജോലി ചെയ്ത് വരവേ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ ബൊമ്മന്റെ ഇൻഷ്വറൻസ് ക്ലെയിം തുക അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.10336/2018/ധന തീയതി,തിരുവനന്തപുരം, 18/12/2018.**

പരാമർശം:- 1) 23.11.2010 തീയതിയിലെ സ.ഉ(പി)616/2010/ധന നമ്പർ സർക്കാർ ഉത്തരവ്.

2) 19/11/2015 തീയതിയിലെ സ.ഉ(പി)526/2015/ധന നമ്പർ സർക്കാർ ഉത്തരവ്

3) 12/09/2018 ലെ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 1-6162/16 നം കത്ത്.

4) 23/07/2018 ലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ജി.പി.എ.ഐ. എസ്/എം.3/റ്റി.001806199 നമ്പർ കത്ത്.

**ഉത്തരവ്**

നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ ബേഗൂർ ഫോറസ്റ്റ് റേഞ്ചിൽ വാച്ചർ തസ്തികയിൽ ജോലിചെയ്ത് വരവെ കാട്ടാനയുടെ ആക്രമണത്തിൽ 20/09/2016 ൽ മരണപ്പെട്ട ബൊമ്മന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി പരേതന്റെ മകൻ ശ്രീ ജയരാജൻ ഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ക്ലെയിമിനുള്ള അപേക്ഷ നിർദ്ദിഷ്ട സമയപരിധിക്കകം സമർപ്പിച്ചില്ലെന്ന കാരണത്താൽ ഇൻഷ്വറൻസ് ഡയറക്ടർ പരാമർശം 4 പ്രകാരം നിരസിച്ചിരുന്നു. ക്ലെയിം അപേക്ഷ ഇൻഷ്വറൻസ് ഡയറക്ടർ നിരസിച്ച സാഹചര്യത്തിൽ കാലതാമസം മാപ്പാക്കി ക്ലെയിം അനുവദിക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ട് നോർത്തേൺ ഡിവിഷൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. മരണപ്പെട്ട ബൊമ്മൻ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുള്ളതും, ടിയാളുടെ 2015 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും വരിസംഖ്യ കിഴിവ് നടത്തിയിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയും അപേക്ഷകനെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ക്ലെയിം അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കികൊണ്ട് നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ ബേഗൂർ ഫോറസ്റ്റ് റേഞ്ചിൽ വാച്ചർ തസ്തികയിൽ ജോലിചെയ്ത് വരവെ 20.09.2016 ൽ മരണപ്പെട്ട ബൊമ്മന്റെ ജി.പി.എ.ഐ.എസ് ക്ലെയിം തുകയായ പത്ത് ലക്ഷം രൂപ, ടിയാന്റെ മകൻ ശ്രീ.ജയരാജൻ, ഭാര്യ ശ്രീമതി കാളി എന്നിവർക്ക് 1:1 അനുപാതത്തിൽ പൂർണമായി അന്തിമ തീർപ്പ് കൽപ്പിച്ച് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ചെലവ് "8011 – ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട് 95 - മിസലേനിയസ് ഇൻഷ്വറൻസ് ഫണ്ട്-(01)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീനി.ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരളം, തിരുവനന്തപുരം.
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, വയനാട്
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
ശ്രീ.ജയരാജൻ/ശ്രീമതി. കാളി, ബേഗൂർ കോളനി, കാട്ടിക്കുളം പി.ഒ, വയനാട്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഇ: 966735)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ